പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3231** **13.10.2011-ൽ മറുപടിയ്ക്ക്**

# വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസുകൾ

| **ചോദ്യം** | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ വാണിജ്യ നികുതി വകുപ്പിന്റെ എത്ര ആഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) 27 ആഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ആയതിന് പ്രതിമാസം എന്തു തുക വാടക ഇനത്തിൽ നൽകുന്നു ; | (ബി) പ്രതിമാസം 1,32,727/- രൂപ വാടക ഇനത്തിൽ ചെലവാകുന്നു. |
| (സി) കരമനയിൽ ഉൽഘാടനം കഴിഞ്ഞ ടാക്സ് ടവേഴ്സ് (tax towers) എന്ന നികുതി വകുപ്പ് കോംപ്ലക്സിലേക്ക് പ്രസ്തുത ആഫീസുകൾ എന്നത്തേക്ക് മാറ്റുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; | (സി) അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന 1,2,3,4,5,6,7,10,11 എന്നീ നമ്പരുകളിലെ ഓഫീസുകൾ ഈ സാമ്പത്തിക വർഷം തന്നെ ടാക്സ് ടവേഴ്സിലേക്ക് മാറ്റുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ ? | (ഡി) ടാക്സ് ടവേഴ്സിന്റെ ഇന്റീരിയർ ഫർണിഷിംഗ്, എയർ കണ്ടീഷനിംഗ്, ഇലക്ട്രിക്കൽ വർക്ക്സ്, ഇലക്ട്രോണിക്സ് വർക്സ്, ഫർണീച്ചർ തുടങ്ങിയ ജോലികളുടെ പൂർത്തീകരണം വൈകുന്നതാണ് കാലതാമസത്തിനുള്ള കാരണം. ആയത് പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വാണിജ്യ നികുതി വകുപ്പിന്റെ ആഫീസുകൾ

1. ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
2. അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം
3. ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ, തിരുവനന്തപുരം
4. ലാ ഓഫീസർ, തിരുവനന്തപുരം
5. വാണിജ്യ നികുതി ഓഫീസർ, ഒന്നാം സർക്കിൾ, തിരുവനന്തപുരം
6. വാണിജ്യ നികുതി ഓഫീസർ, രണ്ടാം സർക്കിൾ, തിരുവനന്തപുരം
7. വാണിജ്യ നികുതി ഓഫീസർ, മൂന്നാം സർക്കിൾ, തിരുവനന്തപുരം
8. വാണിജ്യ നികുതി ഓഫീസർ, നെടുമങ്ങാട്
9. വാണിജ്യ നികുതി ഓഫീസർ, ആറ്റിങ്ങൽ
10. കാർഷികാദായ നികുതി വില്പന നികുതി ഓഫീസ്, തിരുവനന്തപുരം
11. വാണിജ്യ നികുതി ഓഫീസ് (വർക്സ് കോൺട്രാക്ട്), തിരുവനന്തപുരം
12. കാർഷികാദായ നികുതി വില്പന നികുതി അപ്പലേറ്റ് ട്രിബ്യൂണൽ അഡീഷണൽ ബഞ്ച്, തിരുവനന്തപുരം
13. ഇന്റലിജൻസ് ഓഫീസർ, സ്ക്വാഡ് - II ആറ്റിങ്ങൽ
14. ഇന്റലിജൻസ് ഓഫീസർ, സ്ക്വാഡ് - IV, നെടുമങ്ങാട്
15. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, ടൈൽ ഫാക്ടറി
16. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, കള്ളിക്കാട്
17. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, മണ്ഡപത്തിൻ കടവ്.
18. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, പെരുങ്കടവിള
19. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, കഞ്ചാംപഴിഞ്ഞി
20. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, പെരുമ്പഴുതൂർ
21. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, നെയ്യാർഡാം
22. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, ഉച്ചക്കട
23. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, മൂഴിയിൽത്തോട്ടം
24. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, അരുവിക്കര
25. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, പിരായിൻമൂട്
26. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, പാലക്കടവ്
27. വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, പാട്ടക്കുളം.